SGST/575/2026-PRC

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവേഴ്സ്, ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി: 18/09/2026

# പത്രക്കുറിപ്പ്

## റെയിൽവേ സ്റ്റേഷനുകളിലെ വാഹന പാർക്കിംഗ് സേവന മേഖലയിൽ പരിശോധന– 7.56 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി

തിരുവനന്തപുരം: 2026 സെപ്റ്റംബർ 16-ന് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംയുക്തമായി സംസ്ഥാനത്തെ സതേൺ റെയിൽവേയുടെ റെയിൽവേ സ്റ്റേഷനുകളിലെ വാഹന പാർക്കിംഗ് സേവന മേഖലയിൽ നടത്തിയ പരിശോധനയിൽ **7.56 കോടി രൂപയുടെ** നികുതി വെട്ടിപ്പ് കണ്ടെത്തി.

കേരളത്തിലെ സതേൺ റെയിൽവേയുടെ പരിസരങ്ങളിൽ വാഹന പാർക്കിംഗ് സേവനം നൽകിവരുന്ന 22 **നികുതിദായകരുടെ** പ്രധാന വ്യാപാരസ്ഥലങ്ങളിലും, വസതികളിലും, അധിക വ്യാപാരസ്ഥലങ്ങളിലും ഉൾപ്പെടെ 69 സ്ഥലങ്ങളിൽ പരിശോധന നടത്തി. പരിശോധനയിൽ,

SGST/575/2026-PRC

നികുതിദായകർ റിട്ടേണുകളിൽ കാണിച്ചിട്ടുള്ള ടേൺഓവർ യഥാർത്ഥ സേവനങ്ങളിൽ നിന്നുള്ള ടേൺഓവറിനേക്കാൾ ഗണ്യമായി കുറവാണെന്ന് കണ്ടെത്തി. ഒന്നിലധികം QR കോഡുകൾ ഉപയോഗിച്ചുള്ള പണമിടപാടുകളും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പരിശോധനയിൽ **42 കോടി രൂപയുടെ ടേൺഓവർ വെട്ടിപ്പും 7.56 കോടി രൂപയുടെ നികുതി വെട്ടിപ്പും** പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്. 13 നികുതിദായകരുടെ വ്യാപാര ഇടപാടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ നിന്നും മറ്റ് നികുതിദായകരുടെ വിവരങ്ങൾ ബുക്കുകൾ, രജിസ്റ്ററുകൾ, മൊബൈൽ ചാറ്റുകൾ എന്നിവയിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. വിഷയത്തിൽ കൂടുതൽ വിശദമായ അന്വേഷണം പുരോഗമിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി, ആശുപത്രികൾ ,മാളുകൾ , തീയേറ്ററുകൾ മുതലായ സ്ഥലങ്ങളിലെ ആയിരത്തിലധികം വാഹന പാർക്കിംഗിന്റെ വിവരങ്ങൾ സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം ശേഖരിച്ചിട്ടുണ്ട്. ഇത്തരം നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥലങ്ങളിൽ പരിശോധനകൾ തുടരുന്നതായിരിക്കും. ഈ മേഖലയിലെ നികുതി വെട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്ക് inform.sgst@kerala.gov.in എന്ന ഇ -മെയിൽ വിലാസത്തിൽ രഹസ്യ വിവരങ്ങൾ അറിയിക്കാവുന്നതാണ്.

നികുതി വെട്ടിപ്പ് നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻറെ അന്വേഷണവും , നടപടികളും ശക്തമായി തുടരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

Sd/-

**കമ്മീഷണർ**